പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5573 01/07/2019 ൽ മറുപടിക്ക്

## ശബരിമല വരുമാനം

ചോദ്യം

**ശ്രീ.വി.എസ്.ശിവകുമാർ**

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2018-ൽ ശബരിമലയിൽ നിന്നും ദേവസ്വം ബോർഡിന് വിവിധയിനങ്ങളിൽ ലഭിച്ച ആകെ വരുമാനം എത്രയായിരുന്നു; | (എ) | 2018 മണ്ഡലം -മകരവിളക്ക് കാലയളവിൽ ആകെ 180,18,98,585/-രൂപ ലഭിച്ചു. |
| (ബി) | ശബരിമലയിലെ ഏതൊക്കെ വികസന പ്രവർത്തനങ്ങൾക്കാണ് ഈ വരുമാനം ഉപയോഗിച്ചതെന്ന് വെളിപ്പെടുത്തുമോ; | (ബി) | സ്വാമി ഭക്തർക്ക് സുഗമമായി ദർശനം നടത്താനും, പ്രാഥമിക കർമ്മങ്ങൾ നടത്തുന്നതിനുള്ള ശൗചാലയങ്ങൾ, വിരിഷെഡുകൾ, ശുദ്ധജലവിതരണ കെട്ടിടങ്ങൾ, നടപ്പാത, അന്നദാനമണ്ഡപം , പ്രസാദവിതരണം , നടപന്തൽ മുതലായവയുടെ അറ്റകുറ്റപണികളും പുതിയ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നതിന് ഉപയോഗിച്ചിട്ടുണ്ട്. |
| (സി) | 2018-ൽ നടവരവ് മുൻവർഷത്തെ അപേക്ഷിച്ച് കുറയുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ; | (സി) | ശബരിമല സ്ത്രീ പ്രവേശനം അനുവദിച്ചുകൊണ്ടുള്ള ബഹു. സുപ്രീംകോടതിയുടെ വിധിയെ തുടർന്ന് വിവിധ രാഷ്ട്രീയ മത സംഘടനകൾ ശബരിമലയിലും പരിസര പ്രദേശങ്ങളിലും നാമജപ ഘോഷയാത്ര പോലുള്ള പ്രകടനങ്ങൾ നടത്തിയിരുന്നു. ഇത് മൂലം മുൻവർഷത്തെ അപേക്ഷിച്ച് ശബരിമലയിലേക്കുള്ള ഭക്തജനങ്ങളുടെ വരവിലും തന്മൂലം നടവരവിലും മുൻവർഷത്തെ അപേക്ഷിച്ച് കുറവ് സംഭവിച്ചിട്ടുള്ളതാണ്. |
| (ഡി) | വരവ് കുറഞ്ഞ സാഹചര്യത്തിൽ ദേവസ്വം ബോർഡിന് സർക്കാർ പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ, എങ്കിൽ എന്ത് തുകയാണ് ഇപ്രകാരം അനുവദിച്ചതെന്ന് വ്യക്തമാക്കുമോ? | (ഡി) | വരുമാന കുറവ് നികത്തുന്നതിനായി 100 കോടി രൂപ 2019-20 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ